**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **03-03-2025 - ൽ മറുപടിയ്ക്ക്**

**ബയോമൈനിങ്ങിലൂടെ മാലിന്യ നിർമ്മാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബ്രഹ്മപുരത്ത് പതിറ്റാണ്ടുകളായി കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ ബയോമൈനിങ്ങിലൂടെ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിൽ ബ്രഹ്മപുരത്തുള്ള 110 ഏക്കർ സ്ഥലത്തു പൈതൃക മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബയോമൈനിംഗ് പ്രവൃത്തി നടന്നു വരുന്നു. ആദ്യഘട്ട സർവ്വേ പ്രകാരം 7,00,000 ടൺ മാലിന്യങ്ങൾ ഉണ്ടെന്ന റിപ്പോർട്ട് പ്രകാരമാണ് കരാർ ഏജൻസിയായ ഭൂമി ഗ്രീൻ എനർജിയുമായി 04.11.2023-ന് കരാറിൽ ഏർപ്പെട്ടിരുന്നത്. തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് നടത്തിയ സർവ്വേ പ്രകാരം 8,43,954.392 ടൺ മാലിന്യങ്ങൾ ഉണ്ടെന്ന് 13/12/2023-ൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കരാർ പ്രകാരം ടൺ ഒന്നിന് 1690/- രൂപ നിരക്കിൽ ആകെ 142,62,82,923/- രൂപ ചെലവ് വരുന്ന പ്രസ്തുത പ്രവൃത്തിയിൽ 2025 ഫെബ്രുവരി 24 വരെ 7,00,304 ടൺ മാലിന്യം സംസ്കരിച്ചു. 1,56,432 ടൺ ആർ.ഡി.എഫ്-ഉം 258 ടൺ റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക്കും കയറ്റി അയച്ചു. 86,869 ടൺ സി&ഡി വേസ്റ്റ്, 3,42,565 ടൺ 6 എം.എം-30 എം.എം Coarse fractions, 11,517 ടൺ below 6 mm soil, നിഷ്ക്രിയ മാലിന്യങ്ങൾ എന്നിവ പ്ലാന്റിൽ സംഭരിച്ചിട്ടുണ്ട്. ആയതിൽ സി&ഡി വേസ്റ്റ്, 6 എം.എം-30 എം.എം Coarse fractions, എന്നിവ ബ്രഹ്മപുരത്ത് താൽക്കാലിക റോഡ് നിർമ്മാണത്തിനായും ലാൻഡ് ഫില്ലിംഗിനായും ഉപയോഗിച്ചു വരുന്നു.<br><br>പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2025 ജനുവരി വരെ 86,54,37,994 രൂപയുടെ ബില്ലുകൾ കരാർ ഏജൻസി സമർപ്പിച്ചതിൽ 13 പാർട്ട് ബില്ലുകൾ പ്രകാരം ആകെ 68,72,04,103/- രൂപ അനുവദിച്ച് നൽകുകയും 17,82,33,891/- രൂപ നൽകുവാനായി |

| | | | |
|---|---|---|---|
| | | | അവശേഷിക്കുകയും ചെയ്യുന്നു. കരാർ പ്രകാരം 2025 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കേണ്ടതായ ടി പ്രവൃത്തിക്ക് 73,90,78,820/- രൂപ നൽകേണ്ടതുണ്ട്. |
| (ബി) | മാലിന്യമുക്ത നവകേരളത്തിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് ബ്രഹ്മപുരത്തെ എത്തിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (ബി) | 1. നഗരസഭയുടെ 24ഡിവിഷനുകളിൽ 798 ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗിച്ച് തരം തിരിച്ച് ശേഖരിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങളിൽ നിലവിൽ 75 TPD (Ton Per Day) ജൈവമാലിന്യം ബ്രഹ്മപുരത്തുള്ള പ്ലാന്റ് വഴി സംസ്കരിച്ചുവരുന്നു. ടി പ്ലാന്റിന്റെ ശേഷി സമീപ ഭാവിയിൽ 100 TPD ആയി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2 .ബ്രഹ്മപുരത്ത് ബയോമൈനിംഗ് പ്രവർത്തി നടന്നുവരുന്നു. അജൈവമാലിന്യം ബ്രഹ്മപുരത്ത് എത്തുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി വികേന്ദ്രീകൃത സംവിധാനത്തിലൂടെ തരം തിരിച്ച് 2 അംഗീകൃത ഏജൻസികൾ (Green Worms Waste Management Pvt Ltd, W. Kerala Waste Management) വഴി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിലേക്ക് നഗരത്തിൽ 58കണ്ടെയ്നർ MCF (Material Collection Facility) ഒരു പെർമനെന്റ് MCF എന്നിവ സ്ഥാപിച്ച് ശുചീകരണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് മോടി പിടിപ്പിച്ച് വരുന്നു. ഇതിനുപുറമെ 5 RRF (Resource Recovery Facility) കൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>3. പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് സംസ്കരിക്കുന്നതിലേക്കായി 317 ബോട്ടിൽ ബൂത്തുകൾ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>4. ഇതിനകം സ്ഥാപിച്ച 1500ബയോ ബിന്നുകൾക്ക് പുറമെ 1190ബയോ ബിന്നുകൾ കൂടി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു<br><br>5. നാപ്കിൻ/ഡയപ്പർ എന്നിവ സംസ്കരിക്കുന്നതിന് പൊതു സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, കോളേജുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച 82 നാപ്കിൻ ഡിസ്ട്രോയറുകൾക്ക് പുറമെ കൂടുതൽ ഇടങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഗാർഹിക മേഖലകളിൽ നിന്നുള്ള സാനിറ്ററി നാപ്കിൻ/ഡയപ്പറുകൾ എന്നിവ സംസ്കരിക്കുന്നതിനായി 3.5 കോടി രൂപ ചിലവിൽ KAICO മുഖേന സ്ഥാപിക്കുന്ന Centralized Incinerator-ന്റെ നിർമ്മാണ പ്രവർത്തനം 90% പൂർത്തീകരിച്ചു. ശരാശരി 2 ടൺ സാനിറ്ററി മാലിന്യം |

| | | | |
|---|---|---|---|
| | | | രണ്ട് ഏജൻസികൾ മുഖാന്തിരം നിത്യേന ശേഖരിച്ച് KEIL വഴി സംസ്കരിച്ചുവരുന്നു .<br><br>6. BPCL-ന്റെ ധനസഹായത്തോടുകൂടി നിർമ്മിച്ചുവരുന്ന 150 TPD ശേഷിയുള്ള CBG Plantന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി നഗരസഭ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ ജൈവമാലിന്യവും സംസ്കരിക്കുന്നതിനുള്ള ശേഷി നഗരസഭയ്ക്ക് കൈവരുന്നതാണ്.<br><br>7. സെപ്റ്റേജ് മാലിന്യ സംസ്കരണത്തിനായി നിലവിലുള്ള 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള FSTP പ്ലാൻറുകൾക്ക് പുറമെ 10ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള മറ്റൊരു FSTPപ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>8. കെ.എസ്.ഡബ്ല്യൂ.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ബ്രഹ്മപുരത്ത് ലോകബാങ്ക് സഹായത്തോടെ RDF പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 14.02.2025 -ന് ലോക ബാങ്കിന്റെ മുൻപാകെ സമർപ്പിച്ചു. ലോകബാങ്ക് ആവശ്യപ്പെട്ട പ്രകാരം വ്യക്തത വരുത്തിയ റിപ്പോർട്ട് തയ്യാറാക്കി ബാങ്കിന് സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മാലിന്യം നീക്കം ചെയ്ത സ്ഥലത്ത് നടന്നുവരുന്ന സി.ബി.ജി. പ്ലാന്റിന്റെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ബ്രഹ്മപുരം മാലിന്യ സംസ്കരണ സ്ഥലത്ത് ബയോ ഡീഗ്രേഡബിൾ മാലിന്യം കംപ്രസ്സ് ചെയ്ത് ബയോ ഗ്യാസ് ആക്കി 150 ടി.പി.ഡി ക്ഷമതയുള്ള ബയോ-മെത്തനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് 10 ഏക്കർ സ്ഥലം ഭാരത് പെട്രോളിയം കമ്പനി ലിമിറ്റഡിന് അനുവദിച്ചിട്ടുള്ളതും ആയതിന് 29-02-2024 ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അംഗീകാരം നൽകിയിട്ടുള്ളതുമാണ്.<br><br>ബ്രഹ്മപുരം മാലിന്യ സംസ്കരണ സ്ഥലത്ത് ബയോ ഡീഗ്രേഡബിൾ മാലിന്യം കംപ്രസ്സ് ചെയ്ത് ബയോ ഗ്യാസ് ആക്കി മാറ്റുന്നതിനുള്ള 150 ടി.പി.ഡി ക്ഷമതയുള്ള ബയോ-മെത്തനേഷൻ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി നിർവ്വഹണം 2025 മാർച്ച് മാസം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത സ്ഥലത്തെ ബയോമൈനിങ് പൂർത്തിയാകുന്നതോടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബ്രഹ്മപുരത്ത് ലഭ്യമായ 108 ഏക്കർ സ്ഥലത്ത് ഒരു പുതിയ മാസ്റ്റർ പ്ലാൻ വികസിപ്പിക്കാനും ഖരമാലിന്യ സംസ്കരണത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുമായി താഴെ ചേർത്തിരിക്കുന്ന പ്രധാന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ |

| | | | | |
|---|---|---|---|---|
| | | | | കൗൺസിലിന്റെ 01-02-2025-ലെ കൗൺസിൽ 08-ാം നമ്പരായി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആയതിന് 779,91,32,656/- രൂപ (780 കോടി രൂപ) പ്രവർത്തന മൂലധനം പ്രതീക്ഷിക്കുന്നു.<br>1. Waste to Energy plant 600 TPD Capacity<br>2. RDF Plant 50 TPD Capacity<br>3. Windrow Compost Plant 50 TPD<br>4. C&D Waste Recycling Plant<br>5. Knowledge Centre<br>6. Weighbridge and Security Cabins<br>7. Fleet Management/Vehicle Garage Facility<br>8. Interior Roads<br>9. Peripheral Roads/Ring Road<br>10. Green Belt<br>11. Common Facilities, Rest room etc<br>12. Public Recreation Space<br>13. Street Light and Electrical Infra<br>14. Water Supply with OH Tank<br>15. Effluent Treatment Plant and Leachate Treatment Plant<br>16. Solar Plant |

സെക്ഷൻ ഓഫീസർ